**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3802** **27-06-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2022 - 23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിക്കായി 04.01.2023-ലെ ജി.ഒ.(ആർ.ടി) നം. 3/2023/കാ.യു.വ. സർക്കാർ ഉത്തരവ് പ്രകാരം 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ അതിൽ യോഗ്യതയുള്ള ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 08.06.2023 തീയതിയിൽ ടി പ്രവൃത്തിയ്ക്ക് റീ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.സിനോയ് പി.കെ (3.73%) യുടെ ടെണ്ടർ, ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും 15.09.2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേക്കായി 30.01.2023-ൽ ഗവ. ടെക്ക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന് അംഗീകാരത്തിനായി അയച്ചുനൽകിയ ധാരണാപത്രം 28.12.2023-ൽ ഒപ്പിട്ട് ലഭിച്ചതിനെ തുടർന്ന് 09.02.2024-ൽ കായിക വകുപ്പ് ഡയറക്ടർ ധാരണാപത്രം ഒപ്പിട്ട് നൽകുകയും, 05.03.2024-ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മഡ് കോർട്ട്, ഇൻഡോർ കോർട്ട്, ഡ്രെയിൻ, ടോയ്ലെറ്റ് ബ്ലോക്ക്, ഇന്റർലോക്ക്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ